**പതിമൂന്നാം കേരളനിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2932**

**15.12.2015 ലെ മറുപടിയ്ക്ക്**

## അദ്ധ്യാപക പാക്കേജ്

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എളമരം കരീം | ശ്രീ. പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസവകുപ്പുമന്ത്രി) |
| (എ) സംസ്ഥാന സർക്കാരിന്റെ 2015 – 16 വർഷത്തെ അദ്ധ്യാപക പാക്കേജ് ഹൈക്കോടതി തടഞ്ഞുവക്കുകയുണ്ടായോ ; ഇതിനിടയായ സാഹചര്യം എന്തായിരുന്നു; | (എ) 2015 – 16 വർഷം ജി.ഒ(പി) 213/15/പൊവിവ നമ്പരായി പുറപ്പെടുവിച്ച അധ്യാപകപാക്കേജ് ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. ചില മാനേജർമാർ ടി ഉത്തരവിനെതിരെ റിട്ട് ഹർജി ഫയൽ ചെയ്തതിനെ തുടർന്നാണ് സ്റ്റേ വന്നിട്ടുള്ളത്. |
| (ബി) 2014 – 15 ലെ അദ്ധ്യാപക പാക്കേജ് തടഞ്ഞുവച്ച ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ വിധിക്കെതിരെ ഡിവിഷൻ ബഞ്ചിൽ അപ്പീൽ നൽകിയിട്ടുണ്ടായിരുന്നുവോ; പ്രസ്തുത അപ്പീലിൽ തീരുമാനം ആകുന്നതിനിടയിൽ വീണ്ടും പാക്കേജ് പ്രഖ്യാപിച്ചത് ആരുടെ നിയമോപദേശപ്രകാര മായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) ബഹു.ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് വിധിക്കെതിരെ 812/15 -ാം നമ്പർ റിട്ട് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. അധ്യാപകരുടെ നിയനാംഗീകാരവും തസ്തികനിർണ്ണയ നടപടികളും തടസ്സപ്പെട്ട സാഹചര്യത്തിൽ, 2015 -16 ലെ തസ്തികനിർണ്ണയം നടത്തുവാൻ സഹായകമാകുമെന്നതിനാൽ നിയമവകുപ്പിന്റെ കൂടി അഭിപ്രായമാരാഞ്ഞശേഷമാണ് ജി.ഒ (പി)213/15/പൊവിവ പ്രകാരം പുതിയ പാക്കേജ് ഉത്തരവ് പുറപ്പെടുവിച്ചത്. |
| (സി) അദ്ധ്യാപക പാക്കേജുകൾ സംബന്ധിച്ച് കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസുകൾ ഏതൊക്കെ; ഏതെല്ലാം കേസുകളിൽ വിധി പ്രസ്താവിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;<br><br>(ഡി) അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ? | (സി) യും (ഡി) യും സർക്കാരിന്റെ പാക്കേജ് ഉത്തരവിനും അനുബന്ധഉത്തരവുകൾക്കെതിരെയും WA 812/15, WP(C)67/15, WP(C)26111/15, WP(C)23933/14 തുടങ്ങിയ നിരവധി കേസുകൾ കോടതിയുടെ പരിഗണനയിലാണ്. അവയിൽ വിധി പ്രഖ്യാപിച്ചിട്ടില്ല. പാക്കേജുമായി ബന്ധപ്പെട്ട ഉത്തരവുകളെല്ലാം ഹൈക്കോടതിയുടെ പരിഗണനയിലും സ്റ്റേയിലുമായതിനാലാണ് നിലവിൽ അവ നടപ്പാക്കുവാൻ കഴിയാത്തത്. |

സെക്ഷൻ ഓഫീസർ